# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 717

11/03/2015-ൽ മറുപടിക്ക്

## വയനാട് ജില്ലയിലെ കരങ്ങുപനി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ എം. വി. ശ്രേയാംസ് കുമാർ** | **ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |
| എ) വയനാട് ജില്ലയിൽ വനത്തോട് ചേർന്നുള്ള മേഖലകളിൽ താമസിക്കുന്നവർക്ക് കരങ്ങുപനി പടർന്നു പിടിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുൽപ്പള്ളി പൂതാടി, ചേതാലയം, മുള്ളൻകൊല്ലി എന്നീ പ്രദേശങ്ങളിൽ ഫയർലൈൻ വർക്കിൽ ഏർപ്പെട്ടിരുന്നവർക്കാണ് ഈ രോഗബാധ ശ്രദ്ധയിൽപ്പെട്ടത്. നിലവിൽ 89 പേർക്ക് രോഗബാധ സംശയിക്കുകയും, 36 പേർക്ക് രോഗം സ്ഥിരീകരിക്കുകയും, 5 പേർ മരണപ്പെടുകയും ചെയ്തിട്ടുണ്ട്. |
| ബി) ജില്ലയിൽ എത്രപേർക്കു കരങ്ങുപനി പടർന്നു പിടിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര പേർ മരണപ്പെട്ടെന്നും വ്യക്തമാക്കുമോ ; | ബി) വയനാട് ജില്ലയിലെ പുൽപ്പള്ളിയിൽ 03/03/2015 വരെ 13 പേർക്കും, മുള്ളൻകൊല്ലിയിൽ 18 പേർക്കും, ചേതാലയത്ത് 8 പേർക്കും, പൂതാടിയിൽ 48 പേർക്കും നൂൽപ്പുഴയിൽ 2 പേർക്കും കരങ്ങുപനി ബാധയുള്ളതായി സംശയിക്കുന്നു. ഇതിൽ പുൽപ്പള്ളിയിൽ 7 പേർക്കും, മുള്ളൻകൊല്ലിയിൽ 8 പേർക്കും, ചേതാലയത്ത് 2 പേർക്കും, പൂതാടിയിൽ 18 പേർക്കും നൂൽപ്പുഴയിൽ ഒരാൾക്കും കരങ്ങുപനി സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ട് (ആകെ 36 പേർക്ക്) പൂതാടി പ്രദേശത്ത് 5 പേർ മരണപ്പെട്ടിട്ടുണ്ട്. |

| | |
|---|---|
| സി) കരങ്ങുപനി നിയന്ത്രണ വിധേയമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ? | സി) കരങ്ങുപനി നിയന്ത്രിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു. |

- ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ അടിയന്തിര പ്രാധാന്യത്തോടെ രോഗ നിർണ്ണയം, ചികിൽസാപ്രതിരോധ പ്രവർത്തനങ്ങൾ തുടങ്ങിയവ നടന്നു വരുന്നു. വനം വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ആരോഗ്യം, ത്രിതല പഞ്ചായത്തുകൾ, ട്രൈബൽ വകുപ്പ് മുതലായ വകുപ്പുകൾ സഹകരിച്ച് സജീവമായി പ്രവർത്തിക്കുന്നു.
- സംസ്ഥാനതല വിദഗ്ധ സംഘം, മെഡിക്കൽ കോളേജ് ടീം, ന്യൂഡൽഹിയിൽ നിന്നും എത്തിയ വിദഗ്ധൻ, മണിപ്പാൽ വൈറോളജി ലാബിലെ വിദഗ്ധ രക്തപരിശോധനാസംഘം മുതലായവർ രോഗബാധിത പ്രദേശങ്ങൾ സന്ദർശിച്ച് പഠനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകി.
- ബഹു. ആരോഗ്യ വകുപ്പ് മന്ത്രി, ബഹു.പട്ടിക വർഗ്ഗ യുവജനക്ഷേമ മന്ത്രി, വയനാട് പാർലമെന്റ് അംഗം എന്നീ പ്രമുഖർ രോഗബാധിത പ്രദേശങ്ങൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുകയും, നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.
- കരങ്ങുപനി ബാധിച്ച് മരിച്ചവരുടെ ബന്ധുക്കൾക്കും രോഗബാധിതർക്കും പ്രത്യേക സാമ്പത്തിക സഹായം നൽകാൻ ധാരണയായി. രോഗ ചികിൽസാകാലയളവിലേക്ക് ആവശ്യമായ ഭക്ഷ്യധാന്യ വിതരണം ഉറപ്പാക്കിയിട്ടുണ്ട്.
- രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്ക് 25 ലക്ഷം രൂപ ജില്ലയ്ക്ക് അനുവദിച്ചു.
- 19/02/2015-ന് കരങ്ങുപനിയുടെ വിവിധ വശങ്ങളെക്കുറിച്ച് കർണ്ണാടക സംസ്ഥാനത്തെ വിദഗ്ധരുമായി ഒരു കൂടിയാലോചനായോഗം സുൽത്താൻ ബത്തേരിയിൽ ചേരുകയും തുടർ നടപടികൾക്ക് മാർഗ്ഗരേഖയുണ്ടാക്കുകയും ചെയ്തു.

- ഫെബ്രുവരി 16 മുതൽ 19 വരെ ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (പൊതുജനാരോഗ്യം) ജില്ലയിൽ ക്യാമ്പ് ചെയ്ത് രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.
- മൃഗസംരക്ഷണ വകുപ്പും, ഫോറസ്റ്റ് ഉദ്യോഗസ്ഥരുമായി ചേർന്ന് കുരങ്ങ് മരണമുണ്ടാകുന്ന മുറയ്ക്ക് പ്രസ്തുത സ്ഥലങ്ങളിൽ അണുനശീകരണ പ്രവർത്തനങ്ങൾ (ടിക് കൺട്രോൾ) നടത്തി വരുന്നു.
- രോഗബാധ സാധ്യതയേറെയുള്ള പ്രദേശങ്ങളിലെ ആളുകൾക്ക് പ്രതിരോധ വാക്സിൻ നൽകുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- സുൽത്താൻബത്തേരി താലൂക്ക് ആശുപത്രി, മാനന്തവാടി ജില്ലാ ആശുപത്രി, പുൽപ്പള്ളി, പൂതാടി, മുള്ളൻകൊല്ലി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ പ്രതിരോധത്തിനും ചികിൽസയ്ക്കും പ്രത്യേക ഊന്നൽ നൽകി പ്രവർത്തനങ്ങൾ നടന്നു വരുന്നു.

(signature)

**സെക്ഷൻ ഓഫീസർ**